DOI: https://doi.org/10.46632/cllrm/4/5/7
Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# ഗൂഗിൾമുറി: അറിവനുഭവങ്ങളുടെ പ്രതലസംവേദനങ്ങൾ

**ഡോ.വിഷ്ണു രാജ് പി.**

അസി .പ്രൊഫസർ , മലയാളവിഭാഗം

എസ്.എച്ച്.കോളേജ്,തേവര

പരിസ്ഥിതിയിലും പരിതസ്ഥിതിയിലും വിച്ഛേദങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കാലത്ത് മനുഷ്യൻ എന്ന ആശയത്തെ പലനിലകളിൽ പുനർനിർവചിക്കേണ്ടിയിരിക്കുന്നു. പ്രപഞ്ചത്തിലെ വൈവിധ്യമാർന്ന ജീവവർഗങ്ങളിൽ ഒന്നായ മാനവന്റെ ചരിത്രവും പരിണാമഘട്ടങ്ങളിലെ സവിശേഷ സന്ദർഭമാണ്. ജീവനെകുറിച്ചുള്ള ചിന്തകളിലും മനുഷ്യന്റെ വ്യാവഹാരിക ജീവിതസന്ദർഭങ്ങളിലെ ഇടപെടലുകളിലും അതിജീവനത്തെപ്പറ്റിയുള്ള കണ്ടെ ത്തലുകളിലും സാങ്കേതികത നിർണ്ണയന ശക്തിയായി മാറിക്കൊണ്ടിരിക്കുന്നു. അതേസമയം തന്നെ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട അസ്തിത്വം തന്റേതാണെന്ന് കരുതി മനുഷ്യർ പ്രപഞ്ചത്തെ വ്യാഖ്യാനിച്ച് ശീലിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അനേകായിരം ജീവിവർഗങ്ങളിൽ ഒന്നു മാത്രമാണ് താനെന്ന ബോധ്യം വിസ്മരിച്ചു കൊണ്ടാണ് ഇത്തരം നിർമ്മിതികൾ നടക്കുന്നത്.ഒരുപക്ഷേ മാനവതാവാദം എന്ന മനുഷ്യകേന്ദ്രീകൃതമായ ലോകബോധത്തിന്റെ പരിമിതി കൂടിയാണിത്. ഈ കാഴ്ചപ്പാടുകളെ തകിടം മറിച്ചു കൊണ്ട് ഒരു വൈറസ് കടന്നു വരുകയും ലോകത്തെ മുഴുവൻ മുൾമുനയിൽ നിർത്തിക്കൊണ്ട് അതിന്റെ പ്രഹരശേഷി വെളിപ്പെടുകയും ചെയ്ത സന്ദർഭമാണ് കോവിഡിന്റേത്.

കോവിഡാനന്തരം ലോകമാകെ സംഭവിച്ച മാറ്റങ്ങൾ പല പ്രതലങ്ങളിൽ മനുഷ്യരാശിയുടെ തന്നെ അസ്തിത്വത്തെ തകിടം മറിക്കുന്നതായിരുന്നു. ഇതിൽ ഏറ്റവും കൂടുതൽ പരിണാമങ്ങൾ നേരിട്ട ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല. ഗുരുക്കന്മാരിൽ നിന്നും ശിഷ്യഗണങ്ങളിലേക്ക് പകർന്ന അറിവിന്റെ മാർഗ്ഗങ്ങൾ അമ്പരപ്പോടെ നോക്കി നിൽക്കേണ്ടിവരുന്ന ചരിത്ര സന്ദർഭം കൂടിയായിരുന്നു ഇത്. പഠനം, പഠിപ്പിക്കൽ ,പരീക്ഷ തുടങ്ങി സമ്പ്രദായികമായ വിദ്യാഭ്യാസ ചര്യകളിൽ ആകെ കോവിഡ്കാലം പുതിയപാഠങ്ങൾ പകർന്നു. ഈ പാഠങ്ങളെ സാമാന്യേന വിശകലനം ചെയ്തുകൊണ്ടുള്ള ഒരു സമീപനമാണ് പ്രബന്ധം നടത്തുന്നത്.

ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ മാതൃകകൾ വ്യാപകമായി എന്നതാണ് കോവിഡാനന്തര വിദ്യാഭ്യാസ മേഖലയിലെ പ്രധാന സവിശേഷത. അന്നുവരെ അപരിചിതമായിരുന്ന അഥവാ അപൂർവമായി മാത്രം പ്രചരിച്ച ഓൺലൈൻ പഠനരീതികൾ പുതിയ വിദ്യാഭ്യാസ വിതരണ സമ്പ്രദായത്തെ അവതരിപ്പിച്ചു. ഇത് പഠനരീതിയെയും പാഠ്യപ്രവർത്തനങ്ങളെയും പുനക്രമീകരിച്ചു. കോഴ്സ് കംപ്ലീറ്റ് ചെയ്യുക എന്ന യുക്തിക്ക് പ്രാധാന്യം നൽകി കൊണ്ടാണ് ഈ സമ്പ്രദായം ഉറപ്പിച്ചെടുത്തത്. സാമൂഹികമായ ശൃംഖലാബന്ധങ്ങൾ അറ്റുപോകുന്ന സാംസ്കാരിക സന്ദർഭത്തിൽ അവരവരുടെ സ്പേസിൽ ഇരുന്നുകൊണ്ട് വിദ്യ നേടുവാനും പകരുവാനും സാധിക്കുന്ന കാലക്രമത്തെയാണ് കോവിഡാനന്തര വിദ്യാഭ്യാസം അവതരിപ്പിച്ചത്. തീർച്ചയായും വ്യത്യസ്ത സാമ്പത്തിക തട്ടിലുള്ള വിദ്യാർത്ഥി സമൂഹത്തിന് ടെക്നോളജിയുടെ ഉപയോഗമോ ലഭ്യതയോ ഒരിക്കലും പൂർണ്ണമാകുന്നില്ല. അതുകൊണ്ടുതന്നെ സാർവത്രികമായ വിദ്യാഭ്യാസത്തി ന്റെ ആശയവലികൾ സാമ്പത്തിക ക്രമം ഹൈജാക്ക് ചെയ്യുകയാണ്. അത് മറ്റൊരു വിഷയമായതുകൊണ്ടുതന്നെ

Copyright@ 2022 REST Publisher

ഇവിടെ വിശദീകരിക്കുന്നില്ല. മനവാനന്തരചിന്തകളുടെ പുതിയ യുഗത്തിൽ ഓൺലൈൻ പഠനം ഒരു പോസ്റ്റ് ഹ്യൂമൻ വ്യവഹാരമായി വിലയിരുത്തുകയാണി വിടെ. പുതിയ കാലത്തിലെ വിദ്യാവിനിമയത്തിന്റെ സാംസ്കാരിക വിശകലനമായി കൂടി ഈ പഠനം മുന്നോട്ടുപോകുന്നു. ചുരുക്കത്തിൽ,കോവിഡാനന്തര വിദ്യാഭ്യാസം എന്ന ആശയം മാനവാനന്തരതയോടെ നടത്തുന്ന അഭിമുഖീകരണങ്ങളുടെ ഒരു രൂപരേഖയായി നോക്കി കാണുകയാണ് പഠനം.

മനുഷ്യകേന്ദ്രീകൃതമായ എല്ലാ ചിന്താധാരകൾക്കും എതിരെയുള്ള വെല്ലുവിളിയായി മാനവാനന്തരത നിലകൊള്ളുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിൽ ഫ്രഞ്ച് തത്വചിന്തയിൽ അഗാധമായി ഇടപെട്ട തത്വചിന്തകനാണ് ഴീൽ ദെലിയൂസ്(Gilles Deleuze). പരികല്പനകളുടെ ഉത്പാദനമായി തത്വചിന്തയെ വിശേഷിപ്പിക്കുകയും ആത്യന്തികമായ സത്യങ്ങളുടെ തെരഞ്ഞെടുക്കൽ അല്ല തത്വചിന്തയുടെ ലക്ഷ്യം എന്ന് പ്രഖ്യാപിക്കുകയുമാണ് അദ്ദേഹം. ഫ്രഞ്ച് മനശാസ്ത്രജ്ഞനായ ഫെലിക്സ് ഗ്വത്താരി (Feleix Guattari) യുമായി ചേർന്ന് ദെലിയൂസ് എഴുതിയ ക്യാപിറ്റലിസം ആൻഡ് സ്കിറ്റ് സോഫ്രീനിയ (1980) എന്ന കൃതിയിലാണ് പോസ്റ്റ് ഹ്യൂമനിസത്തിന് അടിത്തറപാകിയ ആശയങ്ങൾ വികസിതമാകുന്നത് (2021:112). ദെലിയൂസും ഗ്വത്താരിയും സംയുക്തമായി എഴുതിയ ഗ്രന്ഥങ്ങളെല്ലാം നേർരേഖയിൽ ശ്രേണീകൃതമായി ഘടിപ്പിക്കപ്പെട്ടിട്ടുള്ള ചിന്തകളിൽ നിന്നും വ്യത്യസ്തമായി ആശയങ്ങളെ കോർത്തിണക്കപ്പെടുകയാണ്.

റൈസോം, അംഗരഹിത ശരീരം തുടങ്ങിയ ഇരുവരുടെയും ആശയങ്ങൾ പോസ്റ്റ് ഹ്യൂമനിസത്തിന്റെ തന്നെ സൈദ്ധാന്തിക ആശയമായി മാറുകയായിരുന്നു. ഭൂഗർഭ വേര് എന്ന് അർത്ഥം വരുന്ന റൈസോം എന്ന പദം സസ്യശാസ്ത്രത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ജീവശാസ്ത്രപരമായ ഈ പദത്തിന്റെ ദാർശനികമായ പ്രതിരൂപത്തെയാണ് ഇരുവരും വികസിപ്പിച്ചെടുക്കുന്നത്. ചലനാത്മകവും തുറന്നതും വികേന്ദ്രീകൃതവുമായ സത്തയെ അടയാളപ്പെടുത്തുന്ന ഒരു മോഡൽ എന്ന രീതിയിൽ പോസ്റ്റ് ഹ്യൂമൻ ചിന്തയുടെ തന്നെ രീതിശാസ്ത്രത്തിലേക്ക് ഇത് വെളിച്ചം വീശുന്നു. റൈസോം ചർച്ച ചെയ്യുന്നതിലൂടെ അംഗരഹിതശരീരം (അസംബ്ലിഡ് ബോഡി)എന്ന സങ്കല്പങ്ങളിലേക്ക് എത്തുന്നുണ്ട്. അതായത് യഥാർത്ഥ ശരീരത്തിനും ഒരു വെർച്വൽ തലമുണ്ടെന്ന എന്ന് അഭിപ്രായമാണിത്. കൊറോണ വൈറസിന്റെ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ പരികല്പനയെ പുനരാലോചിക്കുമ്പോൾ വൈറസ് / മനുഷ്യൻ ബന്ധത്തെ ഒരു വൈറസ് മനുഷ്യശരീരം എന്ന അസംബ്ലിഡ്ജ് രീതിയിൽ മനസ്സിലാക്കാവുന്നതാണ്. മനുഷ്യൻ വർദ്ധിച്ച വൈജ്ഞാനിക സങ്കീർണ്ണതയിലേക്ക് പരിണമിച്ചപ്പോൾ വൈറസുകൾ വിപരീതമായി വർദ്ധിച്ച ലാളിത്യത്തിലേക്ക് പരിണമിച്ചു(ശംഭു ആർ, 2021:116). ഈ വൈറസുകളുടെ വ്യാപനം മാനവാനന്തരമായ ഒരു ലോകബോധത്തെ കൂടുതൽ ഊട്ടിയുറപ്പിച്ചു.

നാളിതുവരെ പ്രപഞ്ചത്തിനെ കുറിച്ച് മാനവൻ നേടിയെടുത്ത അറിവുകളെ റദ്ദ് ചെയ്യാൻ പാകത്തിന് വംശഭീഷണി സൂചിപ്പിച്ചുകൊണ്ടാണ് കോവിഡ് പടർന്നത്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ പുതിയ കോഴ്സുകൾ കടന്നു വരികയും അവയെ ആഗോളതലത്തിൽ അവതരിപ്പിക്കുകയും ചെയ്തുകൊണ്ട് സജീവമാകുന്ന ഒരു സന്ദർഭം കൂടിയായിരുന്നു ഇത്. മനുഷ്യർക്കിടയിൽ സാമൂഹികമായ അകലം സൃഷ്ടിച്ച മഹാമാരിയാണ് കോവിഡ്. ഈ അകലം സാമൂഹിക ക്രമങ്ങളെ താറുമാറാക്കിയത് പോലെ വിദ്യാഭ്യാസക്രമത്തെയും ഉടച്ചു വാർത്തു. രോഗപ്രതിരോധത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട സാമൂഹിക അകലം കൂട്ടായ്മയുടെ വ്യവഹാരങ്ങളെ ഓൺലൈനാക്കി മാറ്റി. സ്കൂളുകളും കോളേജുകളും ഓൺലൈൻ പഠനരീതിയിലേക്ക് മാറി. അതുവരെ സെർച്ച് എൻജിൻ എന്ന മട്ടിൽ പ്രചാരം നേടിയിരുന്ന ഗൂഗിളിന്റെ വിവിധ സാധ്യതകൾ കൂടുതൽ വ്യാപകമായി മാറി. ഗൂഗിൾ ക്ലാസ് റൂമുകളും ഓൺലൈൻ ക്ലാസുകളും പ്രസന്റേഷനുകളും അറ്റൻഡസ് ഷീറ്റുകളും അസൈൻമെന്റുകൾ സബ്മിറ്റ് ചെയ്യാനുള്ള പോർട്ടലുകളും സബ്മിറ്റ് ചെയ്യുന്ന വർക്കുകൾക്ക് വിവിധ മാനദണ്ഡങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വിലയിരുത്തൽ രീതികളും ക്ലാസിലേക്ക് അഡ്മിറ്റ് ചെയ്യുന്ന രീതിയും ലെഫ്റ്റ് ആയി പോകുന്ന പ്രവണതകളും അടക്കം സാങ്കേതികതയുടെ

Copyright@ REST Publisher

വെർച്വൽലോകത്തിൽ നമ്മുടെ പഠനവിനിമയങ്ങൾ ഊർജ്ജസ്വലമായി. ഈ മാറ്റത്തിന് തീർച്ചയായും ഗുണഫലങ്ങളും പരിമിതികളും ഉണ്ട്. അത് മറ്റൊരു വിഷയമായതുകൊണ്ട് തന്നെ കൂടുതൽ വിസ്തരിക്കുന്നില്ല. ഓൺലൈനിലേക്ക് മാറിയ ക്ലാസ് റൂം പഠനരീതികൾ അറിവിനെ അഥവാ ടീച്ചർ എന്ന ഏജന്റിനെ, കുട്ടികളെന്ന ഗ്രൂപ്പിനെ, ഒക്കെ എങ്ങനെ അടയാളപ്പെടുത്തുന്നു എന്നതാണ് പ്രശ്നം മണ്ഡലം. അറിവ് പകർന്നു നൽകുന്ന ഇടവും സ്വീകരിക്കുന്ന ഇടവും വ്യത്യസ്തമാകുന്നതോടെ കാര്യങ്ങൾ കൂടുതൽ സങ്കീർണമാകുന്നു. അതായത് ക്ലാസ് റൂം എന്ന ഭൗതികമായ സ്പെസിനെ ചിതറിച്ച കൊണ്ട് ഭൂമിയിൽ ഏതെങ്കിലും ഒരു അറ്റത്ത് നിന്നും പുറപ്പെടുന്ന തരംഗഗതികളെ ഒരിടത്തേയ്ക്ക് ഏകോപിപ്പിച്ച കൊണ്ടാണിവിടെ പഠനപ്രക്രിയ സംഭവിക്കുന്നത്. വ്യത്യസ്ത ഇടങ്ങളിൽ നിന്നും കൂടിച്ചേർന്ന് ഭാവനാത്മകമായതും എന്നാൽ യഥാർത്ഥ്യപൂരിതവുമായ ഒരിടത്താണ് ക്ലാസ് റൂം രൂപപ്പെടുന്നത്. ഈ ക്ലാസ് റൂമിൽ നിവർത്തിക്കപ്പെടുന്ന സംശയങ്ങളും അറിവുകളും അച്ചടക്കരീതികളും റെസ്പോൺസുകളായി മനുഷ്യ വികേന്ദ്രീകൃതമായ ഒരു സ്പേസിനെ വാർത്തെടുക്കുന്നുണ്ട്.

അധികാരിയായി നിൽക്കുന്ന ഒരു ടീച്ചറാണ് പരമ്പരാഗതമായ ക്ലാസ് റൂമിനെ നിയന്ത്രിക്കുന്നത്. ഇവിടെയും മറിച്ച് ആകുന്നില്ല. ആരെ അഡ്മിറ്റ് ചെയ്യണം ആരെ പുറത്താക്കണം എന്ന് ടീച്ചർക്ക് തീരുമാനിക്കാവുന്നതാണ്. എന്നാൽ ക്ലാസ്സിൽ ഇരിക്കുന്ന വ്യക്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഐഡികാർഡ് നമ്പറിനെ പ്രതിനിധാനം ചെയ്യുന്ന ആൾ തന്നെയാണോ എന്നതിന് ഉറപ്പ് ഇല്ല. ഡാറ്റകളുടെ സോഴ്സും മൊബൈൽ അക്കങ്ങളും ഉപാധിയാക്കിക്കൊണ്ട് ഒരു തിരിച്ചറിയൽ പലപ്പോഴും സാധ്യമാകുന്നില്ല. മറ്റൊരു ഡാറ്റയിൽ ക്ലാസിലെ കുട്ടിക്ക് അല്ലെങ്കിൽ രജിസ്റ്ററിൽ ഇല്ലാത്ത ആൾക്ക് പ്രവേശിക്കാനുള്ള വിദ്യകളും പ്രബലമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ പല നിലകളിൽ അപര വ്യക്തിത്വങ്ങളായി നുഴഞ്ഞുകയറാനും ആൾമാറാട്ടം നടത്താനും ഓൺലൈൻ പ്ലാറ്റ്ഫോമിലെ അറിവ് അനുഭവങ്ങൾ വാതിലുകൾ തുറന്നിടുന്നു. ടീച്ചറിന്റെ മോണിറ്റർ സംവിധാനങ്ങൾ അപർനിർമ്മിക്കപ്പെടുകയാണ് ഇവിടെ. അതേപോലെതന്നെ കുട്ടിയുടെ സ്വാംശീകരണ വഴികളും അനുഭവങ്ങളും സാങ്കേതികമായി ട്യൂൺ ചെയ്യപ്പെടുന്നു. ഹ്യൂമൻ സെൻട്രിക്കായ ടീച്ചിങ് ലേർണിംഗ് പദ്ധതിയെ തന്നെ ഇത് തകിടം മറിക്കുന്നു. അതായത് പോസ്റ്റ് ഹ്യൂമൺ കണ്ടന്ററിന്റെ സ്വഭാവമാണ് ഓൺലൈൻ ടീച്ചിങ്ങിന്റെയും ലേണിങ്ങിന്റെയും വ്യാപകമായ കടന്നുവരവിലൂടെ സംഭവിക്കുന്നത്.

ഒരു നാണയത്തിന്റെ ഇരുവശം എന്നതുപോലെ ഏതൊരു സാമൂഹിക സന്ദർഭത്തിനും രണ്ട് അഭിപ്രായങ്ങളും നിലപാടുകളും ഉണ്ടാകാറുണ്ട്. ഓൺലൈൻ പഠനരീതിയിലൂടെ കടന്നുപോയ വ്യത്യസ്ത നിലകളെ പ്രതിനിധാനം ചെയ്യുന്ന അഞ്ചു വ്യക്തികളുടെ അനുഭവവിവരണമാണ് ഈ പഠനത്തിൽ വിശകലനം ചെയ്യുന്നത്. ഓൺലൈൻ പഠന പദ്ധതിക്ക് സാധ്യതകളും പരിമിതികളും ഉണ്ട്. വിദ്യാഭ്യാസത്തിന്റെ സാർവത്രികമായ സാധ്യതകളും ടെക്നോളജിയുടെയും മുതലാളിത്തത്തിന്റെയും വളർച്ചയും കമ്പോളവൽക്കരണത്തിന്റെ ലോകബോധവും എല്ലാം ഓൺലൈൻ പഠനസമ്പ്രദായങ്ങളുടെ രാഷ്ട്രീയത്തിൽ വളരെ പ്രധാനമാണ്. അത്തരം വിശകലനങ്ങളിലേക്ക് പ്രബന്ധം സഞ്ചരിക്കുന്നില്ല. കള്ളിതിരിച്ചുള്ള ഇത്തരം വിശകലനങ്ങൾക്കപ്പുറം അനുഭവദാതാക്കളിൽ നിന്നുമുള്ള വിവരണത്തിലാണ് പ്രബന്ധം ഊന്നൽ നൽകിയിരിക്കുന്നത്.

ഒന്നാമതായി പ്ലസ് ടു കാലയളവിൽ ഓൺലൈൻ ക്ലാസുകളിൽ ഇരുന്ന അലീന എന്ന വിദ്യാർത്ഥിനി ഇൻട്രാക്ഷന്റെ അഭാവം ഓൺലൈനിൽ അനുഭവപ്പെടുന്നതായി പറയുന്നു. എന്നാൽ ഓൺലൈൻ പ്ലാറ്റ്ഫോം വളരെ കംഫർട്ടബിളായ ഒരു സ്പേസ് കൂടി നൽകുന്നുണ്ടെന്നും കൂട്ടിച്ചേർക്കുന്നുണ്ട്. ഒരേ സമയം ഓൺലൈനും ഓഫ് ലൈനുമായ പഠനരീതികൾ തങ്ങൾക്ക് പ്രയോജനകരമായിട്ടുണ്ടെന്നുമാണ് ഈ വിവരണത്തിത്തിന്റെ സാരം. കോളേജ് അധ്യാപികയായ ഡോ.ജിനു ജോർജ്ജ് പരമ്പരാഗതമായ

വിദ്യാവിനിമയത്തിന്റെ മുൻപിൽ ഓൺലൈനിൽ പല പരിമിതികളും നേരിടുന്നതായി സൂചിപ്പിക്കുന്നു. കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതിന്റെ സാധ്യതകൾ ഓൺലൈനിൽ ലഭ്യമാകുന്നില്ല എന്ന വാദഗതിയാണ് ടീച്ചർ മുന്നോട്ടുവെക്കുന്നത്. ശ്രീവിദ്യ എന്ന പേരൻറിന്റെ വിശദീകരണത്തിൽ ചെറിയ കുട്ടികൾ ഓൺലൈൻ മോഡലിലെ ക്ലാസിന് വളരെ വേഗം ടെക്നിക്കലായ കാര്യങ്ങൾ പഠിച്ചെടുക്കുന്നതായിട്ടാണ് പറയുന്നത്. ഗൂഗിൾ മീറ്റ്,ചാറ്റ് ബോക്സ്, മെയിൽ യൂസ് ചെയ്യുന്ന കാര്യങ്ങൾ തുടങ്ങി ഗൂഗിൾ ക്ലാസ്സിലെ സാങ്കേതികവശങ്ങൾ എല്ലാം കുട്ടികൾ വേഗത്തിൽ സ്വായത്തമാക്കുന്നു. അസൈമെന്റുകൾ സ്കാൻ ചെയ്ത് സബ്മിറ്റ് ചെയ്യുന്ന രീതി മൈക്കും വീഡിയോയും അടക്കമുള്ള കാര്യങ്ങൾ കൃത്യസമയത്ത് പ്രയോഗിക്കാനുള്ള സൂക്ഷ്മത തുടങ്ങിയ കാര്യങ്ങളിൽ രണ്ടാം ക്ലാസിലും നാലാം ക്ലാസിലും പഠിക്കുന്ന തന്റെ കുട്ടികൾ വളരെ വേഗം മനസ്സിലാക്കിയെടുക്കുന്ന കാഴ്ചയാണ് ഓൺലൈൻ ക്ലാസുകളിൽ കണ്ടതെന്നാണ് അമ്മയായ ശ്രീവിദ്യ സാക്ഷ്യപ്പെടുത്തുന്നു.

നാലാം ക്ലാസിൽ പഠിക്കുന്ന ആരുഷിനെ സംബന്ധിച്ചിടത്തോളം ടീച്ചർ നിരന്തരം ചോദ്യങ്ങൾ ചോദിച്ചത് കൊണ്ടാണ് ഓൺലൈൻ ക്ലാസ് ഇഷ്ടപ്പെട്ടത്. ഫോണിലെ പല ആപ്പുകളെ കുറിച്ചും മികച്ച ധാരണയുള്ള കുട്ടി കൂടിയാണ് ആരുഷ്. ഡിസൈൻ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിയായ ജസ്വേത്ത് ഇന്ദ്രിയ സംവേദനത്തെ ഉൾക്കൊള്ളാൻ ഓൺലൈൻ പ്ലാറ്റ്ഫോമിന് കഴിയുന്നില്ല എന്നാണ് പറയുന്നത്. മേൽപ്പറഞ്ഞ വിവരണങ്ങളിൽ നിന്നും വ്യക്തമാകുന്ന ഒരാശയം പരസ്പര വിനിമയത്തിന്റെ അഭാവമാണ്. ഈ വിനിമയത്തെ സാങ്കേതികവിദ്യയിലൂടെയോ ഓൺലൈനിലൂടെയോ സാധ്യമാക്കാൻ കഴിയുന്നില്ല എന്നതാണ് പ്രശ്നം. എന്നാൽ ഈ പ്രശ്നത്തോടൊപ്പം ഓൺലൈൻ പ്ലാറ്റ്ഫോമുകൾ നൽകുന്ന വിപുലമായ സാധ്യതകളെ ഏവരും സ്വാഗതം ചെയ്യുന്നു. അതായത് പുതിയ കാലത്തിന്റെ സാഹചര്യം സാങ്കേതികമായ വളർച്ചയിലൂടെ രൂപപ്പെട്ട ഒരു വ്യവഹാരത്തെ പതിയെ പതിയെ മനുഷ്യനിലേക്ക് പ്രവർത്തിപ്പിച്ചെടുക്കുന്നു എന്നതാണ്. ഇങ്ങനെ മാറ്റി തീർക്കുന്ന മാനവൻ മനുഷ്യവികേന്ദ്രീകൃതമായ ലോകത്തിലെ ഉത്പന്നമായി മാറുന്നു. ആ ഉൽപ്പന്നങ്ങളുടെ മുന്നായങ്ങൾ ഓൺലൈൻ ക്ലാസുകളുടെ വ്യവഹാരത്തിൽ അന്തർലീനമാണ്.

വിവിധ വിദ്യാഭ്യാസമേഖലകളിൽ പഠിക്കുന്നതും പഠിപ്പിക്കുന്നതുമായ വ്യക്തികളിൽ നിന്നും ഉള്ള അനുഭവസ്രോതസ്സുകൾ ഓൺലൈൻ പഠനകാലയളവിന്റെ നേർചിത്രത്തെ കാണിച്ചു തരുന്നുണ്ട്. ഇത്തരം അഭിപ്രായങ്ങളിൽ നിന്നും നമുക്ക് ചില നിഗമനങ്ങളിലേക്ക് എത്താവുന്നതാണ്. ഒന്നാമത്തെ കാര്യം ഓൺലൈൻ ക്ലാസ്സ് റൂം അനുഭവങ്ങൾക്ക് ടെക്നോളജിയോട് മാനവൻ ലയിച്ചു പോകുന്ന അനുഭൂതിമണ്ഡലമാണ് ഇത് സൃഷ്ടിക്കുന്നത്. ഗുരുവിന് ശിഷ്യനെ അളക്കുന്ന തോതുകളെ കൂടുതൽ സൂക്ഷ്മമാക്കുന്ന മട്ടിൽ പലതരം മാനദണ്ഡങ്ങളും പരീക്ഷകളും മാപിനികളും ഉപയുക്തമാക്കി കൊണ്ടാണ് ഗൂഗിൾ ക്ലാസ് റൂമുകളും മീറ്റ് റൂമുകളും പലവിധങ്ങളിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. സമയം, വേഗം, ഒരേസമയം പല കാര്യങ്ങളിൽ ഇടപെടാനുള്ള ശേഷി മൾട്ടി ടാസ്ക് തുടങ്ങിയ ആശയങ്ങൾ ഇവിടെ പ്രധാനമായി വരും. ഭൗതികമായ സാന്നിധ്യം ഇല്ലെങ്കിൽ കൂടി കുട്ടിക്ക് ക്ലാസിൽ അറ്റൻഡ് ചെയ്യാൻ പറ്റുന്നു. വ്യത്യസ്തമായ സാഹചര്യങ്ങളിൽ ആണെങ്കിൽ കൂടി ടീച്ചറിന് ക്ലാസുകൾ കൈകാര്യം ചെയ്യാനും സാധിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ടീച്ചറും കുട്ടിയും ഭൗതികമായ ഒരു സ്പേസിൽ പരസ്പര അഭിമുഖമായി നിന്നുകൊണ്ട് വിദ്യ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ആശയം അപ്രസക്തമാക്കുന്നു. ഓൺലൈൻ ക്ലാസുകളിൽ ഗുരുവിന്റെ നോട്ടത്തിലും ചലനങ്ങളിലും ശാസനകളിലും കരുതലിലും പരുവപ്പെട്ടു വരേണ്ട കുട്ടി ഇല്ലാതാവുകയാണ്. റെക്കോർഡ് ചെയ്യപ്പെട്ട ക്ലാസുകളും, ആവർത്തിച്ച് കാണുന്ന വീഡിയോകളും പഠന സ്രോതസ്സുകൾ ആയി പരിശീലിച്ച ഒരു തലമുറയായി ഓൺലൈൻ ക്ലാസ്സ് പ്രോഡക്ട്സ് എന്ന നിലയിൽ കുട്ടികൾ മാറുന്നുണ്ട്. പ്രസന്റേഷനുകളും വെർച്വൽ റിയാലിറ്റിയും പെർഫോമൻസും പ്രതീതി സൂചനകളും നൽകിക്കൊണ്ട് പരസ്പരം മുന്നോട്ടുപോകുന്ന അധ്യാപക വിദ്യാർത്ഥി ബന്ധമാണ് ഓൺലൈൻ ക്ലാസിന്റെ പോസ്റ്റ് ഹ്യൂമൻ ഘടകം.

Copyright@ REST Publisher

ചെറിയ കുട്ടികളുടെ ഓൺലൈൻ പഠനത്തിൽ ഗാഡ്ജെറ്റുകളോടുള്ള കുട്ടികളുടെ ആഭിമുഖ്യം വർദ്ധിക്കുന്നതായാണ് സാക്ഷ്യപ്പെടുത്തുന്നത്. അതേപോലെതന്നെ അവരുടെ മനസ്സിലാക്കലിലും സ്വാംശീകരണത്തിലും ഓൺലൈൻ പ്ലാറ്റ്ഫോമുകളായ യൂട്യൂബും മറ്റുമാണ് കൂടുതൽ ആശ്രയിക്കുന്നത്. ഇത്തരം ആശ്രയത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് ടീച്ചേഴ്സിന്റെ സമീപനവും. ഇത് കാലാഘട്ടത്തിനനുസരിച്ചുള്ള മാറ്റത്തിന്റെ ഭാഗം തന്നെയാണ്. എന്നാൽ മനുഷ്യാനന്തര സമീപനത്തിലേക്കുള്ള ലോകബോധത്തിന്റെ സൂക്ഷ്മമായ വ്യതിയാനം ഈ മാറ്റത്തിൽ ലീനമാണ്. കുട്ടികളുടെ ഓർമ്മകളെയും അനുഭൂതികളെയും ഉൾക്കൊള്ളലുകളെയും മൊബൈൽ സ്ക്രീനിൽ തെളിയുന്ന കൈവഴികളാണ് നിർണയിക്കുന്നത് .

വിദ്യാഭ്യാസരംഗം ഇനി വമ്പൻ കമ്പനികൾ ഏറ്റെടുത്തേക്കും എന്നാണ് ബോസ്റ്റൺ യൂണിവേഴ്സിറ്റി പ്രൊഫസർ സ്കോട്ട് ഗാലോവേ പ്രഖ്യാപിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ആശാവലികളെ എതിരൻ കതിരവൻ(2022:116) ഇങ്ങനെ സംഗ്രഹിക്കുന്നുണ്ട് "വൻ യൂണിവേഴ്സിറ്റികൾ എം ഐ ടി, ഹാർഡ് വാർഡ്, ബെർക്കിലി, സ്റ്റാൻ ഫോർഡ് എന്നിവ അവരുടെ ബിസിനസ് താൽപര്യങ്ങൾക്കായി ശ്രമങ്ങൾ നടത്തും. സൈബോർഗ് (Cyborg) യൂണിവേഴ്സിറ്റീസ് എന്നാണ് ഗാലൊവെ ഇതിനെ വിശേഷിപ്പിക്കുന്നത്. കാരണം ഏറ്റവും നന്നായി മൂലധന നിക്ഷേപം ചെയ്യാൻ പറ്റിയ ഇടങ്ങൾ യൂണിവേഴ്സിറ്റികളാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അതുകൊണ്ട് ഗൂഗിൾ എംഐടി, മൈക്രോസോഫ്റ്റ് ഹാർവാർഡ്, ആപ്പിൾ സ്റ്റാൻഡ് ഫോർഡ് ഇങ്ങനെ പേരുകൾ ഒന്നിച്ചു ചേരുമെന്നാണ് അദ്ദേഹത്തിൻറെ കാഴ്ചപ്പാട്." അങ്ങനെ വരുമ്പോൾ നിശ്ചിത വിദ്യാർത്ഥികളെ മാത്രം പ്രവേശിപ്പിക്കുന്ന രീതിയിൽ നിന്നും മാറി ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സാധ്യതകൾ ഉപയോഗിച്ച് പതിനായിരത്തിൽപരം അഡ്മിഷനുകൾ യൂണിവേഴ്സിറ്റുകൾ നടത്തപ്പെടുന്നു. കൂടുതൽ വിദ്യാർത്ഥികൾ അവിടെ വരികയാണ്. ഇത് അവർക്ക് കൂടുതൽ ലാഭം ഉണ്ടാക്കുന്ന ഒരു പദ്ധതിയായി മാറുന്നു. താഴെക്കിടയിലുള്ള യൂണിവേഴ്സിറ്റികളിൽ പഠനത്തിനായി കുട്ടികൾ കുറയുന്നു. ചുരുക്കത്തിൽ, ചെറിയ ചെറിയ സർവ്വകലാശാലകൾ പൂർണ്ണമായും അപ്രസക്തമായി പോകുന്നു. അധികാര ശ്രേണിയോടൊപ്പം പടിപടിയായുള്ള തരംതിരിക്കലാണ് ഇവിടെ സംഭവിക്കുന്നത്. സങ്കീർണ്ണമായ വിദ്യാഭ്യാസത്തിന്റെ ഇത്തരം രാഷ്ട്രീയം കോവിഡാനന്തരം സംഭവിച്ച ഉന്നത വിദ്യാഭ്യാസ വിതരണത്തിൽ അപകടകരമായി പതിഞ്ഞിരിപ്പുണ്ട്.

ഈ പാൻഡെമിക് കാലഘട്ടം നമ്മുടെ രാഷ്ട്രീയത്തെയും സംസ്കാരത്തെയും ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട എല്ലാത്തിനെയും അടിമുടി മാറ്റിയിരിക്കുന്നു. വെർച്വൽലോകവും യഥാർത്ഥലോകവും തമ്മിലുള്ള വിടവ് എന്നത്തേക്കാളും അനുഭവങ്ങളെ വ്യത്യസ്തമാക്കി തീർത്തു. അൽഗോരിതം ഡാറ്റയും സർവൈലൻ മെക്കാനിസവും ജീവൻരക്ഷാ സംവിധാനങ്ങൾ എന്ന മട്ടിൽ നമ്മുടെ ദിവസേനയുള്ള ചലനങ്ങളെ ഒപ്പിയെടുത്തു. അതിജീവനവും ഭരണകൂടവും സങ്കീർണ്ണമായ അർത്ഥവിവക്ഷകളുള്ള പദസഞ്ചയമായി ഈ സന്ദർഭത്തിൽ വിലയിരുത്തപ്പെട്ടു. അതുകൊണ്ടുതന്നെ വെന്റിലേറ്ററുകളും ഓക്സിജൻസിലിണ്ടറുകളും അധികാരത്തിന്റെയും മൂലധനാധിപത്യത്തിന്റെയും ഭാഗമായി മാറിക്കഴിഞ്ഞു. വികസിത രാജ്യങ്ങൾ പോലും പടക്കോപ്പുകളെയും യുദ്ധതന്ത്രങ്ങളെയും കുറിച്ചുള്ള ധാരണകൾ പൊളിച്ചെഴുതാൻ തുടങ്ങി. മൂലധനാധിപത്യം റോബോട്ടിക് ഡാറ്റാകളും നാനോ ബയോ സാങ്കേതികവിദ്യകളും നിർമ്മിതബുദ്ധികളും ഉപയോഗിച്ചുകൊണ്ട് അതിന്റെ വ്യാപനശേഷി പുതിയ കാലത്തിനനുസരിച്ച് പരുവപ്പെടുത്തി.

Copyright@ REST Publisher

**ഗ്രന്ഥസൂചി**

പ്രസാദ് പന്ന്യൻ(എഡിറ്റർ), , 2021 ,ആർ യൂ ഹ്യൂമൻ മനുഷ്യേതര മാനവിതയ്ക്ക് ഒരു ആമുഖം, , ഡി സി ബുക്സ്, കോട്ടയം.

ശംഭു ആർ, 2021,പോസ്റ്റ് ഹ്യൂമനിസം: സൈദ്ധാന്തിക ഭാവനകളും സങ്കൽപ്പങ്ങളും, ആർ യൂ ഹ്യൂമൻ മനുഷ്യേതര മാനവിതയ്ക്ക് ഒരു ആമുഖം, പ്രസാദ് പന്ന്യൻ (എഡിറ്റർ), ,ഡി സി ബുക്സ്, കോട്ടയം.

എതിരൻ കതിരവൻ 2022, എതിരൻ ചിന്തകൾ, ഡിസി ബുക്സ്, കോട്ടയം.

Haraway J  Dona, 1991,A Cyborg Mainfesto: Science technology ,and Socilist -Feminisam in the Late Twenth Century “ in Simians ,Cyborgs ,and Women : The Reinvention of Nature , Routledge ,New York.